# Lourde Voice

# ലൂർദ്ദ് വോയ്സ്

SEP - OCT 2024



## LOURDES FORANE CHURCH

**GANDHIPURAM, COIMBATORE**

**www.lourdesforane.com**


35
YEARS OF TRUST
Modern Grinder Supplier for Modern World
Commercial Coconut Scrapper
Coventional Tilting Grinder
Vegetable Cutter
Commercial Wet Grinder
Avalable in 3 to 20 Liters
Table Top Wet Grinder
Commercial Tilting Grinder
Avalable in 5 to 25 Liters
Commercial Atta Kneader
BI
BEETEX®
INDUSTRIES
808, V.K.K. Menon Road, New Sidhapudur,
Coimbatore - 641 044. Ph : 0422 - 2520279, 4387279,
E-mail : beetexgrinderscbe@yahoo.com
Website : www.beetexgrinders.com




# ലൂർദ്ദ് വോയ്സ്

ഗാന്ധിപുരം, കോയമ്പത്തൂർ

WWW.LOURDESFORANE.COM

പുസ്തകം 1 | സെപ്റ്റംബർ – ഒക്ടോബർ 2024 | ലക്കം 10


കുർബ്ബാനസമയം:
തിങ്കൾ മുതൽ ശനി വരെ
രാവിലെ 6.15നും വൈകിട്ട്
6.00നും


ലൂർദ്ദ്‌വോയ്സ് പാരിഷ് ബുള്ളറ്റിൻ,
lourdevoicegandhipuram@gmail.com


കുർബ്ബാനസമയം
ഞായർ രാവിലെ 6.15, 8.15.,
10.30,
വൈകിട്ട് 5.30


**EDITOR**
**Fr. Shajan Cheeramban**
**Ph: 8015371008**

**SUB EDITOR CUM TRESURER**
**Fr. Bibin Valiyanirappel MCBS**
**Ph: 9072434176**

CONVENOR
**Mr. Joffy Jose**

SECRETARY
**Mrs. Ajimol Antony**

EDITORIAL BOARD
**Sr. Mercita FCC**
**Mrs. Deepa Biju**
**Mrs. Tina Felix**
**Mrs. Fenila Joju**

LOURDE VOICE PRO
**Mr. C G Antony**

KAIKKARS
**Mr. P.V Francis**
**Mr. C.F Poulson**
**Mr. Hinson P.K**



എഡിറ്റോറിയൽ

ഇടയമൊഴി

Here is your Mother

ഇടവക വാർത്തകൾ

സംഘടനാവാർത്തകൾ

സഭാവാർത്തകൾ

Catechism News

Kids Corner

Faith Sparks







# ആരണ്യകങ്ങളിലെ അമൃതം ഗമയ

പരിശുദ്ധ ഫ്രാൻസിസ് പാപ്പയുടെ ചാക്രികലേഖനമായ ലൗ ദാത്തോസി എത്ര മനോഹരമായാണ് പ്രകൃതിയെ സ്നേഹിക്കേണ്ടതിന്റെ ആവശ്യകത നമ്മെ ബോധ്യപ്പെടുത്തിയത്. വികസനം പരിസ്ഥിതി നശീകരണത്തോടെ മാത്രമെ സാധ്യമാകൂ എന്ന വികല ചിന്താഗതിക്കെതിരെ ഉയർന്ന ശക്തമായ വാക്കുകളായിരുന്നു പരിശുദ്ധ പിതാവിന്റേത്... പക്ഷെ വനനശീകരണത്തിലൂടെ കാർഷിക വിക സനം നടപ്പിലാക്കിയ; പിന്നീട് ജലസേചന പദ്ധതികൾക്കായി പ്രകൃതിയെ വെട്ടിമുറിച്ച തലമുറ അതിന്റെ നാഗരികഭാവത്തിൽ അനിയന്ത്രിത കുഴൽ കിണറുകളുടെയും; ക്വാറികളുടെയും; വിഷമയമായ പല വ്യവസായങ്ങളുടെയും തണൽപറ്റി പിച്ചവച്ച് നടന്ന് തുടങ്ങുമ്പോഴേക്കും പ്രകൃതി അതിന്റെ സൗമ്യതവെടിഞ്ഞ് രൗദ്രഭാവം പുറത്തെടുക്കുന്നു.. അത്ഭുതങ്ങളും അതിശയങ്ങളും സൗമ്യതയോടെ ഒളിച്ച് വച്ച പ്രകൃതിയെ ആശങ്കയോടെയും അതിലുപരി ഭയത്തോടെയും കാണാൻ നിർബന്ധിതമാകുന്ന അവസ്ഥ

പരിസ്ഥിതിയെ യാതൊരു മാറ്റത്തിനും വിധേയമാക്കാതെ അതെപടി നിലനിർത്തുക എന്നത് അപ്രയോഗികമാണ് എന്നാലും സമീകൃതമായ ഒരു സമീപനത്തിലൂടെ മാത്രമേ നമുക്കിനി പ്രകൃതി യുമായി ചേർന്ന് പോകാൻ കഴിയൂ. മനുഷ്യന്റെ സ്വാർത്ഥതകാർന്ന തിന്ന പ്രകൃതിയെ ശാന്തമാക്കാൻ കഴിഞ്ഞാൽ മാത്രമേ ഏതൊരു അതിജീവനവും അതിന്റെ ഫലപ്രാപ്തിയിലെത്തുകയുള്ളൂ ഇല്ലെങ്കിൽ ആരണ്യകങ്ങളിൽ പെയ്തിറങ്ങിയ അമൃതം ഗമയയുടെ ശബ്ദവും സൗന്ദര്യവും ആസ്വദിച്ച ഒരു തലമുറ അതിന്റെ രാക്ഷസഭാവം ഇനിയും കാണേണ്ടിവരും.

**ജോഫി ജോസ്**
കൺവീനർ



# ഇടയമൊഴി



**ഫാ. ഷാജൻ ചീരമ്പൻ**
വികാരി

ഈശോയിൽ സ്നേഹമുള്ള സഹോദരങ്ങളെ,

ഏവർക്കും സുഖമാണെന്ന് കരുതുന്നു. പ. അമ്മയുടെ സ്വർഗ്ഗാരോപണ തിരുനാൾ, സ്വാതന്ത്ര്യദിനം, പൈതൃകം എന്നിവയെല്ലാം മനോഹരമായി ആചരിച്ച് നാം നമ്മുടെ വിശ്വാസ ജീവിതവും സ്നേഹകൂട്ടായ്മയും മുന്നോട്ട് നയിക്കുന്നു.

സെപ്റ്റംബർ, ഒക്ടോബർ മാസങ്ങൾ പ. അമ്മയുടെ മാദ്ധ്യസ്ഥത്തിന് പ്രത്യേകം സമർപ്പിക്കുന്ന മാസങ്ങളാണ്. കുടുംബപ്രാർത്ഥനയിലൂടെയും, വി. കുർബാനയിലൂടെയും പ. അമ്മയുടെ മാദ്ധ്യസ്ഥ്യത്തോട് ചേർന്ന് നമ്മുടെ കുടുംബങ്ങളെ നവീകരിക്കാൻ നമുക്ക് പരിശ്രമിക്കാം.

ഈ കത്തിലൂടെ ഒരു പ്രധാനകാര്യം നിങ്ങളെ അറിയിക്കുവാൻ അച്ചൻ ആഗ്രഹിക്കുകയാണ്. വിഭജിക്കപ്പെടാത്ത വിശ്വാസം നമുക്ക് വേണം കേട്ടോ... Undivided Faith മൂന്ന് കാര്യങ്ങൾ ശ്രദിധിക്കണം.

1. വി. കുർബാനയർപ്പണം
2. കുമ്പസാരം
3. കുടുംബ പ്രാർത്ഥനയും വ്യക്തിപരമായ പ്രാർത്ഥനയും

എല്ലാ ദിവസവും വി. കുർബാനയിൽ അച്ചന്മാർ നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുന്നുണ്ട്. അതിനോട് ചേർന്ന് എന്നും നിങ്ങൾക്കൂടി വി. കുർബാനയിൽ പങ്കെടുക്കുന്നത് വളരെ അനുഗ്രപ്രദമായിരിക്കും.

2. വി. കുമ്പസാരം എല്ലാ മാസവും നടത്തണം. ഈ ദിവസങ്ങളിൽ രാവിലെ 5.45 മുതലും ഉച്ച കഴിഞ്ഞ് വി. കുർബാനക്ക് ശേഷവും പിന്നീട് നിങ്ങൾക്കാവശ്യമുള്ളപ്പോൾ ഒക്കെയും അച്ചന്മാർ സംലഭ്യ

രായിക്കും, എന്നാൽ കുമ്പസാരിക്കാതിരിക്കരുത്. കുമ്പസാരം നമ്മുടെ അത്മാവിനെ ശക്തിപ്പെടുത്തുന്ന കൂദാശയാണ്.

3. കുടുംബപ്രാർത്ഥനയും വ്യക്തിപരമായ പ്രാർത്ഥനയും..
എന്നും കുടുംബാംഗങ്ങൾ എല്ലാവരും ചേർന്ന് കുടുംബപ്രാർത്ഥന ചൊല്ലണം. കുടുംബപ്രാർത്ഥന ഇല്ലെങ്കിൽ നമ്മുടെ കുടുംബത്തെ പിശാചിന് തീറെഴുതി കൊടുത്തു എന്നാണ് ആർത്ഥം വ്യക്തിപരമായ പ്രാർത്ഥന എന്നതുകൊണ്ട് അച്ചൻ ഉദ്ദേശിക്കുന്നത് മിനിമം ഒരു 5 മിനിറ്റ് ശാന്തമായി ഈശോയെ ഓർത്ത് ഈശോയോട് മനസ്സിൽ വരുന്ന പ്രാർത്ഥനകൾ സ്നേഹത്തോടെ പ്രാർത്ഥിക്കാൻ സാധിക്കുകയില്ലേ.

എന്റെ പ്രിയപ്പെട്ടവരെ!
വിഭജിക്കാത്ത വിശ്വാസം കാത്ത് സൂക്ഷിക്കുന്നവരാകാൻ നമുക്ക് പരിശ്രമിക്കണം.
ഒത്തിരി സ്നേഹത്തോടെ... വികാരിയച്ചൻ


## Lourdes Voice Advertising Tariff

| | |
|---|---|
| 1.Full page (colour) | 2,400 |
| 2.Full page (black and white) | 1,200 |
| 3.Half page (colour) | 1,200 |
| 4.Full colour page for one year ( 6 Issue) | 9,000 |
| 5.Half colour page for one year (6 Issue) | 4,500 |

**Non-parish members:**

| | |
|---|---|
| 1.Full colour page for one year (6 Issue) | 13,500 |
| 2.Half colour page for one year (6 Issue) | 6,750 |

# Here is your Mother



Fr. Bibin Valiyanirappel MCBS

As we enter September and October, months dedicated to honoring the Blessed Virgin Mary, it's a good time to reflect on the fundamental teachings about her in the Catholic faith. Catechism of the Catholic Church, number 971 explains about the veneration given to mother Mary in the Catholic Church. Catholics venerate (honor) Mary, but they do not worship her. Worship, or Latria, is due to God alone. The special veneration given to Mary is called Hyperdulia, which acknowledges her unique role as the Mother of God (Theotokos). The veneration given to the saints is called Dulia, which means "veneration" or "respect." This is a form of honor given to the saints who have lived holy lives and now dwell in heaven, interceding for those on earth. The Four teachings/dogmas About Mother Mary In the Catholic Church, dogmas are core beliefs that every Catholic is expected to hold. When it comes to Mother Mary, there are four essential dogmas that highlight her significant role in the Christian faith and her unique relationship with God. These dogmas reflect the Church's deep respect and veneration for Mary as the mother of Jesus Christ.

1. The Immaculate Conception: The first dogma is the Immaculate Conception, declared by Pope Pius IX in 1854. This teaching holds that Mary, from the moment of her own conception, was preserved free from original sin by the grace of God. Unlike all other human beings who inherit original sin, Mary was kept pure and sinless because she was chosen to be the mother of Jesus. This dogma emphasizes the idea that God prepared Mary to be a fitting mother for His Son by granting her this unique grace.

2. The Divine Motherhood: The second dogma is the Divine Motherhood of Mary, which was proclaimed at the Council of Ephesus in 431 AD. This teaching affirms that Mary is truly the "Mother of God" (Theotokos) because she gave birth to Jesus Christ, who is both fully God and fully man.

3. The Perpetual Virginity: The third dogma is Mary's Perpetual Virginity. This belief states that Mary was a virgin before, during, and after the birth of Jesus. The Church teaches that Mary conceived Jesus by the power of the Holy Spirit, without the involvement of a human father.

4. The Assumption: The fourth dogma is the Assumption of Mary, defined by Pope Pius XII in 1950. According to this teaching, at the end of her earthly life, Mary was assumed body and soul into heaven. This means that Mary did not undergo the decay of death like other human beings, but was taken up into heaven to be with God. The Assumption reflects the belief that Mary, who was free from sin, was also granted the grace of being taken directly to heaven. In the coming months, let's deepen our devotion to Mother Mary. Let's make a commitment to recite the Rosary daily with our family members. It's a wonderful way to grow closer to her and strengthen our faith together. Let's do it.





## രാമനാഥപുരം രൂപത
## സിമിത്തേരികൾ - പുതുക്കിയ നിയമാവലി

സൂചന: രൂപതയുടെ നിലവിലുള്ള നിയമാവലി
(10-08-2011 ലെ 114-ാം നമ്പർ ഡിക്രി)

**ആമുഖം:**

'സീറോമലബാർ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ സഭയുടെ പള്ളിയോഗ നടപടിക്രമങ്ങ ൾ' പ്രകാരം 'കുഴിമാടങ്ങൾ/ കല്ലറകൾ എന്നിവയുടെ ഫീസ് നിരക്കും അവയുടെ ഉപയോഗത്തിന്റെ കാലാവധിയും ബന്ധപ്പെട്ട രൂപതാ നിയമാവലിക്ക് വിധേയമാണ് (8:8). അതനുസരിച്ച് രാമനാഥപുരം രൂപതയുടെ പ്രത്യേക സാഹചര്യവും നിലവിലുള്ള സിമിത്തേരികളിലെ സ്ഥലപരിമിതിയും പരിഗണിച്ച് നിലവിലുള്ള രൂപതാ നിയമാവലി (10.08.2011 ലെ 114-ാം നമ്പർ ഡിക്രി പ്രകാരം നിലവിൽ വന്നത്) താഴെപറയുന്ന രീതിയിൽ പരിഷ്ക്കരിച്ച് ക്രമീകരിച്ചിരിക്കുന്നു:

A. ഇടവക/മിഷൻ സെന്റർ സിമിത്തേരികളിൽ മൂന്ന് തരത്തിലുള്ള കല്ലറകളുണ്ട്:

a. പൊതുകല്ലറ (സാധാരണ കല്ലറ/ കുഴിമാടങ്ങൾ):-
- കാലാവധി ഒരാളെ സംസ്കരിച്ചതിനുശേഷം ചുരുങ്ങിയത് ഒരുവർഷം.

b. സ്ഥിരം കല്ലറ: ഒരാളെ മാത്രം സംസ്ക്കരിയ്ക്കൽ
- കാലാവധി 25 വർഷം മാത്രം. അതിനുശേഷം പള്ളിയ്ക്ക് ആ കല്ലറ തിരിച്ചെടുക്കാം.

NB: വൈദികരുടെ കല്ലറ (സ്ഥിരം) യുടെ കാലാവധി 25 വർഷത്തിലധികം നീട്ടണമെന്നുണ്ടെങ്കിൽ അതത് ഇടവക/മിഷൻ സെന്റർ പൊതുയോഗത്തിന് അപ്രകാരം തീരുമാനമെടുക്കാവുന്നതാണ്.

c. കുടുംബക്കല്ലറ:- രൂപതാനിയമാവലി പ്രകാരമുള്ള ഗുണഭോക്താക്കളിൽ (കല്ലറ ബുക്ക് ചെയ്യുന്ന വ്യക്തി, അദ്ദേഹത്തിന്റെ ജീവിത പങ്കാളി, ആൺമക്കൾ, അവരുടെ ഭാര്യമാർ, വിവാഹിതരാകാത്ത പെൺമക്കൾ) അവസാനത്തെ വ്യക്തിയെ സംസ്ക്കരിച്ച തീയതി മുതൽ 25 വർഷമായിരിക്കും കാലാവധി. അതിനുശേഷം പള്ളിയ്ക്ക് ആ കല്ലറ തിരിച്ചെടുക്കാം.

B. കല്ലറകളുടെ നിരക്ക്

a. പൊതുകല്ലറ (സാധാരണ കല്ലറ / കുഴിമാടം) കുഴിക്കാണമായി 500/- രൂപ അടയ്ക്കണം.

b. സ്ഥിരം കല്ലറ, കുടുംബക്കല്ലറ എന്നിവയെ സംബ്ബന്ധിച്ച് പൊതുയോഗം എടുക്കുന്ന തീരുമാനങ്ങൾ (കല്ലറകളുടെ നിരക്ക് ഉൾപ്പെടെ) രൂപതാ കാര്യാലയത്തിൽ രേഖാമൂലം മുൻകൂട്ടി സമർപ്പിച്ച് അംഗീകാരം വാങ്ങിയ്ക്കാതെ നടപ്പിലാക്കാൻ പാടില്ല.

c. സ്ഥിരം കല്ലറയുടെ നിരക്ക് (ഒരാൾക്ക് മാത്രം, 25 വർഷത്തേയ്ക്ക് മാത്രം) രൂപതാകാര്യാലയത്തിൽ നിന്ന് മറിച്ചൊരു തീരുമാനം ഉണ്ടാകുന്നതുവരെ, ഒരു ലക്ഷം രൂപയിൽ നിന്ന് കുറയാനോ ഒന്നരലക്ഷം രൂപയിൽ നിന്ന് കൂടാനോ പാടുള്ളതല്ല. ഇപ്രകാരം നിശ്ചയിക്കപ്പെടുന്ന തുകയ്ക്ക് പുറമെ പ്രസ്തുത കല്ലറയുടെ നിർമ്മാണ ചിലവ് ആവശ്യക്കാർ തന്നെ വഹിക്കേണ്ടതാണ്.

d. അതുപോലെ, കുടുംബക്കല്ലറയുടെ നിരക്ക്, മറിച്ചൊരുതീരുമാനം രൂപതാ കാര്യാലയത്തിൽ നിന്ന് ഉണ്ടാകുന്നതുവരെ, ഒന്നരലക്ഷം രൂപയിൽ നിന്ന് കുറയാനോ രണ്ടുലക്ഷം രൂപയിൽ നിന്ന് കൂടാനോ പാടുള്ളതല്ല.

e. കുടുംബക്കല്ലറയിലെ ഗുണഭോക്താക്കളിൽ രണ്ടാമത്തെ വ്യക്തി മുതൽ അവസാനത്തെ വ്യക്തിവരെ ഓരോരുത്തരെ സംസ്ക്കരിയ്ക്കുമ്പോഴും അങ്ങനെയുള്ളവരുടെ ഭൗതികാവശിഷ്ടം അതിലേക്ക് മാറ്റുമ്പോഴും അതത് സമയത്തെ രൂപതാനിയമാവലി പ്രകാരമുള്ള കുടുംബക്കല്ലറ നിരക്കിന്റെ 50% കൊടുക്കേണ്ടതാണ്. സ്ഥിരം കല്ലറയുടെ കാര്യത്തിലെന്നപോലെ, കുടുംബക്കല്ലറയുടെ നിർമ്മാണ ചിലവ് ആവശ്യക്കാർ തന്നെ വഹിക്കേണ്ടതാണ്.

C. കുടുംബക്കല്ലറയ്ക്കുവേണ്ടി അപേക്ഷിക്കുന്ന വ്യക്തി അതിൽ സംസ്ക്കരിക്കപ്പെടേണ്ട വ്യക്തികളുടെ (കല്ലറ ബുക്ക് ചെയ്യുന്ന വ്യക്തി, അദ്ദേഹത്തിന്റെ ജീവിതപങ്കാളി, ആൺമക്കൾ, അവരുടെ ഭാര്യമാർ, വിവാഹിതരാകാത്ത പെൺകുട്ടികൾ (വിവാഹിതരാകുന്നതോടെ ഈ കല്ലറയിലുള്ള അവകാശം നഷ്ടപ്പെടും) എന്നിവരുടെ പേരുകൾ രേഖാമൂലം വ്യക്തമാക്കണം. ഈ പേരുകൾ പള്ളിയുടെ കല്ലറ രജിസ്റ്ററിൽ ബന്ധപ്പെട്ട കോളത്തിൽ രേഖപ്പെടുത്തി പള്ളി ഓഫീസിൽ ഭദ്രമായി സൂക്ഷിക്കണം.

D. 25 വർഷമായി ഉപയോഗിക്കപ്പെടാത്ത സ്ഥിരം കല്ലറകൾ (A,b) പൊതുകല്ലറയായി (സാധാരണ കല്ലറ / കുഴിമാടമായി) കണക്കാക്കപ്പെടുന്നതാണ്. എന്നാൽ ബുക്ക് ചെയ്ത് 25 വർഷം പൂർത്തിയാകുന്നതിനു മുമ്പ് ബന്ധപ്പെട്ടവർക്ക് അത് പുതുക്കി സ്വന്തം പേരിൽ സ്ഥിരം കല്ലറ





യായി നിലനിർത്താവുന്നതാണ്. അപ്രകാരം പുതുക്കുന്നതിന് അതത് കാലത്ത് നിലവിലുള്ള സ്ഥിരം കല്ലറാനിരക്കിന്റെ 50% അടയ്ക്കണം.

E. സ്ഥിരം കല്ലറയുടെ/കുടുംബക്കല്ലറയുടെ മുകളിലെ സ്ലാബിൽ പേരും ഫോട്ടോയും വീട്ടുപേരും ജനന-മരണ തീയതികളും ഉചിതമായ ബൈബിൾ വാചകവും മാത്രമേ രേഖപ്പെടുത്താവൂ.

F. പൊതുകല്ലറയുടെ/ സാധാരണകല്ലറയുടെ/ കുഴിമാടത്തിന്റെ ഉയരം ഭൂമിനിരപ്പിൽ നിന്ന് 1/2 അടിയെങ്കിലും ഉണ്ടായിരിക്കണം. സ്ഥിരം കല്ലറയ്ക്ക് / കുടുംബക്കല്ലറയ്ക്ക് ഭൂമിനിരപ്പിൽ നിന്നും ഒരു അടിയിൽ കൂടുതൽ ഉയരം പാടില്ല. കല്ലറയുടെ ഉൾഭാഗത്ത് 2.5 അടി വീതിയും 6.5 അടി നീളവും 5 അടി ആഴവുമുണ്ടാകണം. മുകളിലെ സ്ലാബിന് 7 അടി നീളവും 3 അടി വീതിയുമേ പാടുള്ളൂ. അളവിന്റെ കാര്യത്തിൽ ഏതെങ്കിലും ഇടവകയിൽ വ്യത്യാസം ആവശ്യമുണ്ടെങ്കിൽ അതിന് പൊതുയോഗ നിശ്ചയപ്രകാരം രൂപതാകാര്യാലയത്തിന്റെ അംഗീകാരം മുൻകൂട്ടി വാങ്ങേണ്ടതാണ്.

G. സ്ഥിരം കല്ലറയുടെ / കുടുംബക്കല്ലറയുടെ ഉപയോഗവുമായി ബന്ധപ്പെട്ടകാര്യങ്ങൾ അതത് കാലങ്ങളിലെ രൂപതാ നിയമാവലിയ്ക്ക് വിധേയമായിരിക്കും.

H. കല്ലറകൾ ഒരേ ക്രമത്തിലും അളവിലും പള്ളിയിൽ നിന്ന് നിർമ്മിക്കേ ണ്ടതാണ്.

I. സിമിത്തേരിയിൽ സംസ്ക്കരിയ്ക്കപ്പെടുന്ന എല്ലാവരുടെയും വിശദവിവരങ്ങൾ (മറ്റു ഇടവകകളിലും മിഷൻ സെന്ററുകളിലും രൂപതകളിലും സ്ഥാപനങ്ങളിലും നിന്നുള്ളവരായാലും) സിമിത്തേരിയുടെ ഉത്തരവാദിത്തമുള്ള പള്ളിയിലെ മരണ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. വേറെ ഇടവക, മിഷൻ സെന്റർ രൂപതാംഗങ്ങളാണെങ്കിൽ അക്കാര്യം ബന്ധപ്പെട്ടറിമാർക്ക്സ് കോളത്തിൽ രേഖപ്പെടുത്തണം.

J. ഓരോ സിമിത്തേരിയ്ക്കും സ്കെച്ച് ഉണ്ടാക്കുകയും പൊതുകല്ലറകൾ, സ്ഥിരം കല്ലറകൾ, കുടുംബക്ക ല്ലറകൾ എന്നിവയുടെ ഭാഗം തിരിയ്ക്കുകയും ഓരോ കല്ലറയ്ക്കും നമ്പറിട്ട് വിശദാംശങ്ങ ളോടെയുള്ള രജിസ്റ്റർ ഉണ്ടാക്കുകയും അതിന്റെ ഒരു കോപ്പി രൂപതാകാര്യാലയത്തിലേയ്ക്ക് സമർപ്പിക്കുകയും ചെയ്യണം.

K. മറ്റു ഇടവകക്കാരുടെ/ മിഷൻ സെന്ററുകാരുടെ മൃതശരീരം സംസ്ക്കരിക്കപ്പെടുന്ന സന്ദർഭങ്ങളിൽ സ്ഥിരം കല്ലറകൾ/ കുടുംബക്കല്ലറകൾക്കാ

യി ലഭിക്കുന്ന സംഖ്യയുടെ 75% സിമിത്തേരിയുടെ ഉടമസ്ഥതയുള്ള പള്ളിയ്ക്കും 25% സംസ്ക്കരിക്കപ്പെടുന്ന വ്യക്തിയുടെ ഇടവക/ മിഷൻ സെന്ററിനുമായിരിക്കും (രജിസ്റ്റർ പ്രകാരം രാമനാഥപുരം രൂപതയിലെ അംഗമാണെങ്കിൽ മാത്രം).

L. സിമിത്തേരിയിൽ സൗകര്യമുള്ള സ്ഥലത്ത് ഒരു അസ്ഥിക്കുഴി ഉണ്ടാക്കേണ്ടതും കല്ലറകളും സിമിത്തേരിയിലെ മറ്റു സ്ഥലങ്ങളും വൃത്തിയായി സൂക്ഷിയ്ക്കേണ്ടതുമാണ്.

M. കല്ലറകളെ സംബ്ബന്ധിച്ച് എന്തെങ്കിലും ഭിന്നതകളോ വിവാദമോ ഉണ്ടായാൽ രാമനാഥപുരം രൂപതാദ്ധ്യക്ഷന്റെ തീരുമാനം അന്തിമമായിരിക്കും.

N. ഈ പുതുക്കിയ നിയമാവലി പ്രാബല്യത്തിൽ വരുന്നതിന് മുമ്പ് ബുക്ക് ചെയ്തിട്ടുള്ള കല്ലറകളുടെ മേലുള്ള അവകാശം (മറ്റു ഇടവകകളിലും മിഷൻ സെന്ററുകളിലും രൂപതകളിലുമുള്ളവരാണെങ്കിൽ പോലും) ഈ പുതുക്കിയ നിയമാവലിയ്ക്ക് വിധേയമായി നിലനില്ക്കുന്നതാണ്.

O. ഈ നിയമാവലി 15.08.2024 ന് പരി. അമ്മയുടെ സ്വർഗ്ഗാരോപണ തിരുനാളിൽ നിലവിൽ വരുന്നതാണ്. ഈ നിയമാവലിക്ക് വിരുദ്ധമായി രൂപതാതിർത്തിയിൽ നിലവിലുള്ള ഒരു നിയമത്തിനും ആചാരത്തിനും പാരമ്പര്യത്തിനും 15.08.2024 മുതൽ സാധുതയുണ്ടായിരിക്കുന്നതല്ല. അതു കൊണ്ട് സിമിത്തേരിയെ സംബ്ബന്ധിച്ച് രൂപതയിലെ പള്ളികളിലും മിഷൻ സെന്ററുകളിലും നിലവിലുള്ള സംവിധാനങ്ങൾ ഈ പുതുക്കിയ നിയമാവലി പ്രകാരം പുന:ക്രമീകരിയ്ക്കേണ്ടതാണ്. 2024 ജൂൺ 25 ന് രൂപതാകാര്യാലയത്തിൽ നിന്ന് നല്കപ്പെട്ടത്.

ചാൻസലർ

**മാർ പോൾ ആലപ്പാട്ട്**
രാമനാഥപുരം രൂപതാ മെത്രാൻ

# ഇടവക വാർത്തകൾ

**എട്ടുനോമ്പാചരണം**

സെപ്റ്റംബർ ഒന്നാം തീയതി മുതൽ എട്ടാം തീയ്യതി വരെ മാതാവിന്റെ ജനനത്തിരുന്നാളിന് ഒരുക്കമായിട്ടുള്ള എട്ടു നോമ്പ് ആചരിക്കുന്നു. എട്ടു ദിവസവും വിശുദ്ധ കുർബാനയിലും, ജപമാലയിലും നമുക്ക് പങ്കെടുക്കാം. 8 നോമ്പിലെ ഓരോ ദിവസത്തിൻറെയും വിശുദ്ധ കുർബാനകൾ ഏറ്റെടുത്തു നടത്തുവാൻ താല്പര്യമുള്ളവർക്ക് അച്ചന്മാരെയോ, കൈക്കാരന്മാരെയോ അറിയിക്കേണ്ടതാണ്. സെപ്റ്റംബർ ഒന്നാം തീയ്യതി ഞായറാഴ്ച രാവിലെ 6.15 ന് വി. കുർബനായ്ക്കു ശേഷം കൊടി കയറ്റം, ജപമാല, നൊവേന, ലദീഞ്ഞ്, വിശുദ്ധ കുർബാന, നേർച്ച എന്നീ ക്രമത്തിൽ ആയിരിക്കും. രണ്ടാം തീയതി മുതൽ ഏഴാം തീയതി വരെയുള്ള ദിവസ ങ്ങളിൽ രാവിലെ 5.40 ന് ജപമാല, വിശുദ്ധ കുർബാന, നൊവേന, ലദീഞ്ഞ്, നേർച്ച എന്നിവ ഉണ്ടായിരിക്കും. തിരുന്നാൾ ദിനമായ എട്ടാം തീയതി 8.15 ന് ആഘോഷമായ വിശുദ്ധ കുർബാന, ജപമാല പ്രദക്ഷിണം, വേളാങ്കണ്ണി കപ്പേളയിൽ നൊവേന, ലദീഞ്ഞ്, വള, കിരീടീ സമർ പ്പണം, നേർച്ച എന്നിവ ക്രമീകരിച്ചിരിക്കുന്നു. തുടർന്ന് മാതൃവേദിയുടെ നേതൃത്വത്തിൽ പ്രോഗ്രാമും, ഫുഡ് ഫെസ്റ്റിവലും നടത്തുന്നതാണ്. എല്ലാവർക്കും തിരുനാൾ മംഗളങ്ങൾ. എട്ടാം തീയതി രാവിലെ 6.15 നും, 8.15 നും, വൈകുന്നേരം 5.30 നും വിശുദ്ധ കുർബാന ഉണ്ടായിരിക്കും. 10.30 ന്ഉള്ള വിശുദ്ധ കുർബാന ഉണ്ടായിരിക്കുന്നതല്ല.

**അധ്യാപക ദിനം**

സെപ്റ്റംബർ 5-ാം തീയതി അധ്യാപക ദിനമാണ്. എല്ലാ അധ്യാപകർക്കും, വിശ്വാസ പരിശീലകർക്കുംഅധ്യാപക ദിനത്തിന്റെ ആശംസകൾ.

**വൈദികരുടെ വാർഷിക ധ്യാനം**

സെപ്റ്റംബർ ഒമ്പതാം തീയ്യതി മുതൽ പതിനാലാം തീയ്യതി വരെ വൈദികരുടെ ധ്യാനം നടത്തപ്പെടുന്നു. ധ്യാന ദിവസങ്ങളിൽ വൈകിട്ട് വിശുദ്ധ കുർബാന ഉണ്ടായിരിക്കുന്നതല്ല. അഭിവന്ദ്യ പിതാവിനും, എല്ലാ വൈദികർക്കും വേണ്ടി നമുക്ക് പ്രാർത്ഥിക്കാം.







**നാമകേതുക തിരുനാൾ**

**സെപ്റ്റംബർ 29-ാം തീയ്യതി**

നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന സീറോ മലബാർ സഭയുടെ തലവനും, മേജർ ആർച്ച് ബിഷപ്പുമായ അഭിവന്ദ്യ റാഫേൽ തട്ടിൽ പിതാവിന് ലൂർദ്ദ് ഇടവക സമൂഹത്തിന്റെ പ്രാർത്ഥനാ മംഗള ങ്ങൾ.

**മിഖായേൽ മാലാഖയുടെ തിരുനാൾ**

സെപ്റ്റംബർ 29-ാം തീയ്യതി ജൂബിലി സ്മാരക കപ്പേളയിൽ വിശുദ്ധ മിഖായേൽ മാലാഖയുടെ നൊവേനയും, ലദീഞ്ഞും ഉണ്ടായിരിക്കുന്നതാണ്. ഏവർക്കും തിരുനാൾ മംഗളങ്ങൾ.

**വിൻസന്റ് ഡി പോൾ തിരുനാൾ**

വിശുദ്ധ വിൻസൺ ഡി പോൾ യൂണിറ്റ് മധ്യസ്ഥന്റെ തിരുനാൾ സെപ്റ്റംബർ 29-ാം തീയതി ആഘോഷിക്കുന്നു. അന്നേദിനം വിശുദ്ധ കുർബാനയ്ക്ക് നേതൃത്വം കൊടുക്കുന്നത് വിൻസന്റ് ഡി പോൾ യൂണിറ്റാണ് .

**ലോഗോസ് ക്വിസ്**

സെപ്റ്റംബർ 29-ാം തീയതി ലോഗോസ് പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത എല്ലാവരും ബൈബിൾ ഭാഗങ്ങൾ നന്നായി പഠിച്ച് പങ്കെടുക്കുവാൻ ശ്രമിക്കുമല്ലോ. എല്ലാവർക്കും ഉന്നത വിജയാശംസകൾ.

**ജപമാല മാസം**

ഒക്ടോബർ ജപമാല മാസം ആണല്ലോ. പരിശുദ്ധ അമ്മയോടൊപ്പം കൂടുതൽ ജപമാല ചൊല്ലി നമുക്ക് പ്രാർത്ഥിക്കാം. ഒക്ടോബർ ഒന്നാം തീയ്യതി മുതൽ പത്താം തീയ്യതി വരെ നമ്മുടെ ഇടവകയിൽ ആഘോഷമായ ജപമാല യൂണിറ്റ്, സംഘടന അടിസ്ഥാനത്തിൽ ആയിരിക്കും. അതാത് ദിവസങ്ങളിൽ യൂണിറ്റ് സംഘടനാ അംഗങ്ങൾ ദൈവാലയം വൃത്തിയാക്കിയും, മാതാവിന്റെ തിരുസ്വരൂപവും, അൾത്താരയും അലങ്കരിച്ചും, കാഴ്ച സമർപ്പണം, ലേഖനവായന, ജപമാല, നേർച്ച. എന്നിവയ്ക്ക് നേതൃത്വം കൊടുക്കേണ്ടതാണ്. വിശുദ്ധ കുർബാനയിലും, ജപമാലയിലും പങ്കെടുത്ത് മാതാവിന്റെ സംരക്ഷണം യാചിക്കാം.

| Date | Day | Unit. | Time |
|---|---|---|---|
| 01.10.24 | Tuesday | St.Alphonsa &<br>St. George. | 5.45pm ന് കരുണ കൊന്ത |
| 02.10.24 | Wednesday | St. Thomas &<br>SMYM | 05.45pm ന് കരുണകൊന്ത |
| 3/10/24 | Thursday | St. Francis Xavier<br>& St. Antony | 5.45pm ന് കരുണകൊന്ത |
| 4/10/24 | Friday | St. John maria viani<br>& Choir | 5.45pm ന് കരുണകൊന്ത |
| 5/10/24 | Saturday | St . Sebastian<br>& Pithruvedi | 5.45pm ന് കരുണകൊന്ത |
| 6/10/24 | Sunday | St. Mary &<br>Catechism | 7.45 am ന് ജപമാല,<br>തുടർന്ന് വിശുദ്ധ കുർബാന |
| 7/10/24 | Monday | St. Peter &<br>Mathruvedi | 5.45pm ന് കരുണകൊന്ത |
| 8/10/24 | Tuesday | St. Joseph &<br>St. Vincent de Paul | 5.45pm ന് കരുണകൊന്ത |
| 9/10/24<br>10/10/24 | Wednesday<br>Thursday | St. Paul | 5.45pm ന് കരുണകൊന്ത<br>11am to 5pm |
| അഖണ്ഡ ജപമാല 5.45pm ന് കരണകൊന്ത, വിശുദ്ധ കുർബാന, ജപമാല പ്രദക്ഷിണം... | | | |

## വിശുദ്ധ കൊച്ചുത്രേസ്യയുടെ തിരുനാൾ

ഒക്ടോബർ ഒന്നാം തീയതി CML സംഘടനയുടെ മധ്യസ്ഥയായ വിശുദ്ധ കൊച്ചുത്രേസ്യയുടെ തിരുനാൾ ആണല്ലോ. ചെറുപുഷ്പം മിഷൻലീഗ് സംഘടനയ്ക്ക് തിരുനാൾ ആശംസകൾ.



## Festival greeting

വിശുദ്ധ ഫ്രാൻസിസ് അസ്സീസിയുടെ (ഒക്ടോബർ 4) നാമധേയം സ്വീകരിച്ച് നാമകേതുക തിരുനാൾ ആഘോഷിക്കുന്ന തിരുസഭയുടെ തലവനായ പരിശുദ്ധ പിതാവ് മാർ ഫ്രാൻസിസ് പാപ്പയ്ക്ക് ഗാന്ധിപുരം ഇടവക യുടെ പ്രാർത്ഥന ആശം സകൾ.

## മിഷൻ ഞായർ

നമ്മുടെ ഇടവകയിൽ ഒക്ടോബർ മാസം 27-ാം തീയതി മിഷൻ ഞായ റായി ആഘോഷിക്കുന്നു. നല്ല തീഷ്ണതയുള്ള മിഷനറിമാർ ഉണ്ടാകു ന്നതിനു നമുക്ക് പ്രാർത്ഥിക്കാം. ലേലം വിളിക്കുന്നതിന് ആവശ്യമായ വസ്തുക്കൾ കൊണ്ടുവരുന്നതിനും, ലേലം വിളിച്ചും. എല്ലാവരും സഹ കരിക്കുമല്ലോ. അന്നേദിവസം 6.15നും, 8.15 നും വിശുദ്ധ കുർബാന ഉണ്ടായിരിക്കും. രണ്ടാ മത്തെ ദിവ്യബലിക്ക് ശേഷം ലേലം വിളി ആരം ഭിക്കുന്നതാണ്. 10.30 ന് ഉള്ള വിശുദ്ധ കുർബാന ഉണ്ടായിരിക്കുന്നതല്ല. വൈകിട്ട് 5.30 ന് വിശുദ്ധ കുർബാന ഉണ്ടായിരിക്കും.

## CREDO 2K24

വിശ്വാസപരിശീലന വിഭാഗത്തിന്റെ CREDO 2K24 ജൂലൈ ഏഴാം തീയതി വൈകുന്നേരം 6.45 ന് പൊതുസമ്മേളനം രൂപത വിശ്വാസപരിശീലന ഡയറക്ടർ ബഹുമാനപ്പെട്ട ഫാ. അമൽ പാലാട്ടി, വികാരി ബഹുമാന പ്പെട്ട ഫാ. സാജൻ ചീരമ്പൻ, അസി. വികാരി ബഹുമാനപ്പെട്ട ഫാ. ബിബിൻ വലിയ നിരപ്പേൽ MCBS, കാറ്റിക്കിസം H.M. Sr. ജിസ് മാത്യു FCC, മേരി റാണി കോൺവെന്റ് മദർ സി. റോസ് FCC, മതഅധ്യാപകർ, കുട്ടികൾ, ലൂർദ്ദ് ഇടവക സമൂഹം എന്നിവരുടെ സാന്നിധ്യത്തിൽ "കാറ്റിക്കിസം ഡേ" വിവിധ കലാപരിപാടികളോടെ ആഘോഷിച്ചു. നേതൃത്വം നൽകിയ H.M. സിസ്റ്ററിനും, അധ്യാപകർക്കും, കലാപരിപാ ടികളിൽ പങ്കെടുത്തവർക്കും, സമ്മാനാർഹർക്കും, സഹായസഹകര ണങ്ങൾ ചെയ്തു കൊടുത്തവർക്കും, മാതാപിതാക്കൾക്കും ഹൃദയം നിറഞ്ഞ നന്ദി .

## യൂണിറ്റ് വിശുദ്ധരുടെ തിരുനാൾ

സെന്റ് തോമസ് യൂണിറ്റ് ജൂലൈ 3 നും, സെന്റ് അൽഫോൻസാ

യൂണിറ്റ് ജൂലൈ 28 നും, സെന്റ് ജോൺ മരിയ വിയാനി യൂണിറ്റ് ഓഗസ്റ്റ് 4 നും, സെന്റ് മേരിസ് യൂണിറ്റ് ഓഗസ്റ്റ് 15 നും തങ്ങളുടെ യൂണിറ്റ് മധ്യസ്ഥരുടെ തിരുനാൾ ആഘോഷിച്ചു. വിശുദ്ധ കുർബാന, കാഴ്ച സമർപ്പണം, നൊവേന, ലദീഞ്ഞ്, നേർച്ച എന്നിവ പ്രസ്തുത യൂണിറ്റുകളുടെ നേതൃത്വത്തിൽ ആഘോഷപൂർവ്വം കൊണ്ടാടി. സഹകരിച്ച എല്ലാ അംഗങ്ങൾക്കും, ഭാരവാഹികൾക്കും നന്ദി രേഖപ്പെടുത്തുന്നു. 28–ാം തീയതി സെന്റ് അൽഫോൻ സാ യൂണിറ്റിന്റെ കുടുംബ സമ്മേളന വാർഷികം വിവിധ കലാപരിപാടികളോടെ Mr. T.J. ഡേവിസിന്റെ വസതിയിൽ ആഘോഷിച്ചു. നേതൃത്വം നൽകിയ യൂണിറ്റ് ഭാരവാഹികൾക്കും, ആനിമേറ്റർ സിസ്റ്റേഴ്സിനും, സഹകരിച്ച യൂണിറ്റ് അംഗങ്ങൾക്കും നന്ദി.

## മാതൃവേദി അഭിമാന നിമിഷം

ലിറ്റിൽ ഫ്ളവർ സായിബാബ കോളനി ഇടവക മാതൃവേദി ഗോൾഡൻ ജൂബിലി ആഘോഷിക്കുന്നതിന്റെ ഭാഗമായി മാതൃവേദി അംഗങ്ങൾക്ക് ത്രോബോൾ മത്സരം ജൂലൈ 28–ാം തീയതി ആവില സ്കൂൾ ഗ്രൗണ്ടിൽ വെച്ച് സംഘടിപ്പിച്ചു. അതിമനോഹരമായിരുന്ന മത്സരത്തിൽ നമ്മുടെ മാതൃവേദി രണ്ടാം സ്ഥാനം കരസ്ഥമാക്കി. ഇതിൽ പങ്കെടുത്ത ത്രോ ബോൾ ടീം അംഗങ്ങൾക്കും, എല്ലാ പ്രോത്സാഹനങ്ങളും നൽകിയ ആനിമേറ്റർ സി. റോസ് FCC, മാതൃവേദി ഭാരവാഹികൾ എന്നിവർക്ക് ഒത്തിരി സ്നേഹത്തോടെ നന്ദി.

## സെൽഫി കോൺടെസ്റ്റ്

ഗ്രാൻഡ് പാരൻസ് ഡേ യോട് അനുബന്ധിച്ച് നമ്മുടെ ഇടവകയിൽ selfie contest "selfie with grandparents" മത്സരത്തിൽ പങ്കെടുത്ത എല്ലാ കുടുംബാംഗ ങ്ങൾക്കും നന്ദി.

## ഉണങ്ങാത്ത മുറിവ്

വയനാട്ടിലെ പ്രകൃതിദുരന്തത്തിൽ ഇരയായവർക്കും, മരണപ്പെട്ട നമ്മുടെ സഹോദരങ്ങൾക്കും വേണ്ടി ആഗസ്റ്റ് രണ്ടാം തീയതി പ്രത്യേകം ആരാധനയും, പ്രാർത്ഥനയും ബഹുമാനപ്പെട്ട വികാരിയച്ചന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു. രൂപതാ നിർദ്ദേശപ്രകാരം ഓഗസ്റ്റ് നാലാം തീയതി വിശുദ്ധ കുർബാനയുടെ മധ്യേയുള്ള സ്തോത്രകാഴ്ച്ച വയനാട്ടിൽ ദുരിതം അനുഭവിക്കുന്നവർക്കുവേണ്ടിയുള്ള സമർപ്പണമായിരുന്നു. ഇതിന് ആത്മാർത്ഥമായി സഹകരിച്ച എല്ലാ ഇടവക സമൂഹത്തിനും ഹൃദ്യമായ നന്ദി.

**പൈതൃകം 2024**

ഓഗസ്റ്റ് 15–ാം തീയതി ഇടവകയിലെ മുതിർന്നവരെ ആദരിക്കുന്നതിന്റെ ഭാഗമായി പൈതൃകം 2024 'elders day' നടത്തപ്പെട്ടു. കുമ്പസാരം, വിശുദ്ധ കുർബാന, വിവിധ കലാകായിക വിനോദ പരിപാടികൾ, സ്നേഹവിരുന്ന്, പൊതുസമ്മേളനം എന്നിവ നടത്തപ്പെട്ടു. അവർക്ക് അതൊരു വേറിട്ട അനുഭവമായിരുന്നു. നേതൃത്വം നൽകിയ പിതൃവേദി ആനിമേറ്റർക്കും, സംഘാടകർക്കും, ഭാരവാഹികൾക്കും, അംഗങ്ങൾക്കും, വിവിധ സഹായ സഹകരണ ങ്ങൾ ചെയ്തവർക്കും ഹൃദ്യമായ നന്ദി.

**യുവജന സംഗമം**

രൂപതയിലെ എല്ലാ യുവജനങ്ങളെയും പങ്കെടുപ്പിച്ച് ഓഗസ്റ്റ് 16,17,18 തീയതികളിൽ RETURN 2024 ആൽവേർണിയ സ്കൂൾ ഗ്രൗണ്ടിൽ നടത്തപ്പെട്ടു. യുവജനങ്ങൾക്ക് ആത്മീയ ഉണർവ്വ് നല്കുന്നതായിരുന്നു. നമ്മുടെ ഇടവകയിൽ നിന്ന് പങ്കെടുത്ത എല്ലാ യുവജനങ്ങൾക്കും അവരുടെ മാതാപിതാക്കൾക്കും, ആനിമേറ്റർ സി. ഷീല FCC ക്കും SMYM ഭാരവാഹികൾ ക്കും നന്ദി.

**ദൈവാലയ ശുദ്ധീകരണം**

ജൂലൈ, ഓഗസ്റ്റ് മാസങ്ങളിൽ പള്ളി വൃത്തിയാക്കുന്നതിന് നേതൃത്വം നൽകിയത് സെന്റ് ആന്റണി, സെന്റ് ജോർജ് യൂണിറ്റാണ്. യൂണിറ്റ് ഭാരവാഹികൾക്കും, സഹകരിച്ച അംഗങ്ങൾക്കും. നന്ദി. സെപ്റ്റംബർ മാസം സെന്റ് മേരീസ് യൂണിറ്റും, ഒക്ടോബർ മാസം സെന്റ് തോമസ് യൂണിറ്റും നേതൃത്വം കൊടുക്കണമെന്ന് ഓർമിപ്പിക്കുന്നു.

**തിരുമണിക്കൂർ**

രണ്ടോ മൂന്നോപേർ എന്റെ നാമത്തിൽ ഒരുമിച്ചു കൂടുന്നിടത്ത് അവരുടെ മധ്യേ ഞാൻ ഉണ്ടായിരിക്കും (മത്തായി 18:20) എന്ന തിരുവാക്യം ഉൾക്കൊണ്ടുകൊണ്ട് ഒരു വർഷക്കാലം യൂണിറ്റ് അടിസ്ഥാനത്തിൽ 'ഒരു കുടുംബം തിരുസന്നിധിയിൽ' എന്നാശയത്തിൽ ഒന്ന്ചേർന്ന് വിശുദ്ധ. കുർബാനയിലും, ദിവ്യകാരുണ്യ ആരാധനയിലും പങ്കെടുത്ത് ഇടവകയ്ക്ക് വേണ്ടി പ്രാർത്ഥിക്കുന്നതിനും, ദൈവം തന്ന നന്മകൾക്ക് നന്ദി പറയുന്നതിനും കാണിച്ച് നല്ല മനസ്സിന് ദൈവം അനുഗ്രഹിക്കട്ടെ എന്ന് ആശംസിക്കുന്നു. ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ തിരുസന്നിധിയിൽ പ്രാർത്ഥിച്ച സെന്റ് ജോൺ മരിയ വിയാനി യൂണിറ്റ് അംഗങ്ങൾക്കും, ഇടവക സമൂഹത്തിനും ഒത്തിരി ഒത്തിരി സ്നേഹത്തോടെ നന്ദി നന്ദി....



## ലൂർദ്ദ് വോയ്സ്

**ഫോട്ടോഗ്രാഫി മത്സരം**

ലൂർദ്ദ് വോയ്സ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ഫോട്ടോഗ്രാഫി മത്സരത്തിൽ പങ്കെടുത്ത എല്ലാ കുടുംബങ്ങൾക്കും നന്ദി.

ഒന്നാം സമ്മാനം - ജോസഫ് പി.ജെ. & ഫാമിലി സെന്റ് പീറ്റർ യൂണിറ്റ്

രണ്ടാം സമ്മാനം - ജോൺ പോൾ ടി.ജെ & ഫാമിലി സെന്റ് ആന്റണി യൂണിറ്റ്

കരസ്ഥമാക്കിയവർക്ക് പ്രത്യേകം അഭിനന്ദനങ്ങൾ.



### പ്രവേശക കൂദാശകൾ

ഒലക്കേങ്കിൽ ജോഷി + നിഷിത ദമ്പതികളുടെ മകൻ Lshaan Tom. J (Thomas) 04/8/2024 ന് പ്രവേശക കൂദാശകൾ സ്വീകരിച്ചു. ജനനം 10/11/ 2023.

ചെറുവത്തൂർ സുജിത്ത് + ജോയ്സി ദമ്പതികളുടെ മകൾ Ruha C.S (Anna) 11/8/2024 ന് പ്രവേശക കൂദാശകൾ സ്വീകരിച്ചു. ജനനം. 3/6/2024

## Construction Committee

Fr. Shajan Cheeramban (Vicar)

**കൺവീനർ**

Benny Thomas

**അസി. കൺവീനർ**

E J Vincent

**കമ്മിറ്റി അംഗങ്ങൾ**

Vincent Vellanikkaran
A G Varghese , E.J Antony.
M k Thomas, Prebin C F
Shaju E E, Shiju George
Yesudas G, Sunil Varghese
A R Jose, K C Antony, M L Antony
P V Francis (കൈക്കാരൻ)
C F Paulson (കൈക്കാരൻ)
Hinson P K (കൈക്കാരൻ)

## കുടുംബസമ്മേളനം

**OCTOBER 6**

St. Paul's Unit
St. Thomas Unit
St. Mary's Unit

**OCTOBER 13**

St. Sebastian Unit
St. Peter Unit
St. John Maria Vianney Unit


JOS ALUKKAS
A TRADITION OF FINE JEWELLERY
ജോസ് ആലുക്കാസിൽ
FLAT
50%
ഡിസ്കൗണ്ട്
FLAT
50%
DISCOUNT
സ്വർണ്ണാഭരണങ്ങളുടെ
പണിക്കൂലിയിൽ
ഓഫർ പരിമിത കാലത്തേക്ക് മാത്രം
ഈ ഓഫർ 24 CT ബാറുകൾക്കും
22 CT കോയിനുകൾക്കും ലഭ്യമല്ല
T&C APPLY*
ഡയമണ്ടിന്
20%
ഡിസ്കൗണ്ട്
പ്ലാറ്റിനത്തിന്
7%
ഡിസ്കൗണ്ട്
എക്സ്ചേഞ്ച്
പഴയ സ്വർണ്ണം പുതിയ
HUID
സ്വർണ്ണമാക്കി മാറ്റുമ്പോൾ
ആകർഷകമായ ആനുകൂല്യങ്ങൾ









# Newly Married Couples:

*Prayerful wishes, Happy Married Life*

| | | | | |
|---|---|---|---|---|
| Gandhipuram<br><br>Kalathupatti (Dindigual) | Pulikottil, James & Roselant<br><br>Gregory Dominic Savio & Benilda | Son<br><br>Daughter | Christo Jacob<br><br>Siskin Gabriela | 07/07/2024 |
| Gandhipuram<br>Peechi | Konikara, K.J. Binu & Sheeja<br><br>Karakkal, K.A. Thomas & Saijny | Daughter<br><br>Son | Alvina Binu<br><br>Benjamin | 17/08/2024 |
| Gandhipuram<br>Ukkdam | Eluvanthingal, E.A. Joju & Binu<br><br>Kidangan, K.J. Wilson & Thressia | Daughter<br><br>Son | Aleena Rose<br><br>Rij | 18/08/2024 |





# A Day with Divine Mercy

| | | | |
|---|---|---|---|
| August 26 | Davis P R | September 13 | Semin |
| August 27 | Joy V | September 14 | Inasu C C |
| August 28 | Joseph P J | September 16 | Francis C A |
| August 29 | Jacob P K | September 17 | Poulose C I |
| August 30 | Lilly Johny | September 18 | Lijo P J |
| August 31 | Paul Mathew | September 19 | Alice Antony |
| September 2 | Hinson P K | September 20 | Augustine K D |
| September 3 | Mathew V V | September 21 | Alexander M D |
| September 4 | roy Rocky | September 23 | Lawrance O J |
| September 5 | Sumini Mathew | September 24 | Antony C F |
| September 6 | James George | September 25 | Mary Jose |
| September 7 | Peter M V & Theresa Jose | September 26 | Samson Job |
| September 9 | Prince P J | September 27 | Prabhu |
| September 10 | Soman Samuvel | September 28 | Antony K R |
| September 11 | Shajan M J | September 30 | Binu Joju |
| September 12 | Joy P F | October I | George K J |

# Newly Married Couple



## Benjamin

**S/o. Mrs Sajini Thomas & Mr. K.A Thomas**
**Karakkal House, Peechi, Thrissur.**

**&**

## Alvina

**D/o. Mrs. Sheeja Binu & K.J. Binu**
**Konikara House, Ganapathy, Coimbatore.**

*Sharing Happiness : Alanna Binu*

# സംഘടനാവാർത്തകൾ

## മാതൃവേദി

### ഇടവക തല സെമിനാർ

19.7.2024 വെള്ളിയാഴ്ച കാലത്ത് 10 മണി മുതൽ ഒരു മണി വരെ 'യേശുവിനെ അനുഗമിച്ച അമ്മമാർ 'എന്ന വിഷയത്തെക്കുറിച്ച് ബഹു. ബെൻഞ്ചോ അച്ചൻ വളരെ മനോഹരമായി ക്ലാസ്സ് നയിച്ചു. ബൈബിളിൽ നിന്ന് യേശുവിനെ അനുഗമിച്ച സ്ത്രീകളെയും അവരുടെ സ്വഭാവത്തെയും ഇപ്പോഴത്തെ കാലഘട്ടത്തിൽ അമ്മമാർ എങ്ങനെ അനുഗമിക്കണം എന്ന് അച്ചൻ വളരെ ലളിതമായ രീതിയിൽ പറഞ്ഞു തന്നു.





അമ്മമാരുടെ ആരോഗ്യപ്രശ്നങ്ങളെ കുറിച്ച് ഡോക്ടർ മിഥുൻ നാച്ചാറോപതി ക്ലാസ്സെടുത്തു. മൂക്ക് വാഷ് ചെയ്യുന്ന Netipot എല്ലാവർക്കും സമ്മാനമായി നൽകി. സെമിനാറിൽ സംബന്ധിച്ച എല്ലാ അമ്മമാർക്കും പ്രത്യേകിച്ച് ബഹു. വികാരിയച്ചനും, കൊച്ചച്ചനും ആനിമേറ്റർ സിസ്റ്ററിനും നന്ദി രേഖപ്പെടുത്തുന്നു.

### ENFUEGO 2K24 :

ലിറ്റിൽ ഫ്ലവർ സായിബാബ കോളനി ഇടവകയിലെ മാതൃവേദി ഗോൾഡൻ ജൂബിലി ആഘോഷിക്കുന്നതിന്റെ ഭാഗമായി നടത്തിയ Throwball മത്സരത്തിൽ നമ്മുടെ അമ്മമാർ രണ്ടാം സ്ഥാനം കരസ്ഥമാക്കി. എല്ലാവർക്കും മാതൃവേദിയുടെ അഭിനന്ദനങ്ങളും നന്ദിയും അറിയിക്കുന്നു. പങ്കെടുത്തവർ :



Team Coach....Mr Hinson P K
Team Manager... Babu P D
Team Captain... Moncy Antony
Vice Captain... Rini Sijo
Sheela Rajan, Femina Babu, Feeba Ryju, Rosemol Antony, Jancy Johnson, Ammu Antony, Smitha Hinson



**ഫൊറോന തല സെമിനാർ :**

03.08.2024 ശനിയാഴ്ച ഫൊറോന തലത്തിൽ നടന്ന സെമിനാറിൽ നമ്മുടെ ഇടവകയിൽ നിന്നും 51 അമ്മമാർ പങ്കെടുത്തു. സെമിനാറിൽ പങ്കെടുത്ത എല്ലാ അമ്മമാർക്കും ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു.



**Wayanad Relief Fund donation by Mathruvedhi**

Throwball രണ്ടാം സ്ഥാനത്തിന് Cash award ആയി ലഭിച്ച 5000 രൂപ വയനാട് ദുരിതാശ്വാസത്തിലേക്ക് നൽകുവാനായി ബഹു. വികാരിയച്ചനെയും, കൊച്ചച്ചനെയും ടീം അംഗങ്ങൾ ഏല്പിച്ചു.



Shaju A George
Director - Business Development
Mob: +91 9003364414

ALERT SECURITY MART
179, N.G. Narayanasamy Road,
New Siddhapudur, Coimbatore - 641 044
Tamil Nadu, India., Ph: 0422 4383800
E-Mail: shaju@alertsecuritymart.com web: alertsecuritymart.com

Godrej CP PLUS alhua HIKVISION Ravel DSC SIEMENS ERREKA Honeywell

CCTV | BIO METRIC ATTENDANCE/ ACCESS CONTROL| FIRE / BURGLAR ALARM | HOME AUTOMATION



# 4th Death Anniversary

## K.M. ANTONY
(അന്തോണി മാഷ്)

Kottapadiyil House
St. Paul's Unit

Born: 02.03.1945
Death: 06.09.2020

"I am the resurrection and the life.
Anyone who believes in me will live,
even if he dies (John 11:25)

# 4th In Loving Memory on Death Anniversary



*"He who believe in the son of God has eternal Life"*
*John 3-36*



## Mr. P. D Antony & Mrs. Lilly Antony

Born: 02.10.1937 Died: 17.09.2020 Born: 11.07.1947 Died: 12.09.2020

*Puthur House ( St. George Unit)*

*A tribute of love from family members*

# പിതൃവേദി

**മാസാദ്യപ്രാർത്ഥന**

പിതൃവേദിയുടെ നേതൃത്വത്തിൽ ഉള്ള പ്രാർത്ഥനയും ആരാധനയും എല്ലാ മാസാദ്യബുധനാഴ്ചകളിലും രാത്രി എട്ടു മണിമുതൽ 9 മണി വരെ നമ്മുടെ ആരാധനാലയത്തിൽ വെച്ച് നടത്തപ്പെടുന്നു. പ്രാർത്ഥനയ്ക്കു ശേഷം സ്നേഹവിരുന്നും ഉണ്ടായിരിക്കുന്നതാണ്. എല്ലാ പിതൃവേദി അംഗങ്ങളും പ്രാർത്ഥനയിൽ സംബന്ധിക്കുവാൻ പ്രത്യേകം താൽപര്യപ്പെടുന്നു. കഴിഞ്ഞ ജനറൽബോഡി യോഗത്തിൽ എടുത്ത സുപ്രധാന തീരുമാനങ്ങൾ.....

(a) ഇടവക പിതൃവേദിയുടെ പ്രവർത്തനങ്ങളെ മീറ്റിങ്ങിൽ അഭിനന്ദിച്ച വികാരിയച്ചൻ നമ്മുടെ പിതൃസ്വത്ത് പോലെ ഇടവകയുടെ സത്പ്പേര് കാത്തുസൂക്ഷിക്കുവാൻ ഓരോ പിതൃവേദി അംഗങ്ങളും ശ്രദ്ധിക്കണം എന്ന് ഓർമിപ്പിക്കുകയുണ്ടായി. സഹിഷ്ണുത നിറഞ്ഞ പെരു മാറ്റം ആയിരിക്കണം ഇടവകയുടെ മുഖമുദ്ര എന്ന് അച്ചൻ ഉദ്ബോധിപ്പിച്ചു.

(b) ഇനി മുതൽ പിതൃവേദിയുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന സാമൂഹ്യ/ കാരുണ്യ/ ഇടവക പ്രവർത്തനങ്ങൾക്കായി പിതൃവേദി അംഗങ്ങളിൽ നിന്നും മറ്റുള്ളവരിൽ നിന്നും പിരിഞ്ഞു കിട്ടുന്ന തുക പിതൃവേദിയുടെ അക്കൗണ്ടിലേക്ക് വരവ് വെച്ച് റെക്കോർഡിക്കൽ ആക്കണം എന്ന് അച്ചൻ മീറ്റിംഗിൽ നിർദ്ദേശിച്ചു.

(c) ഭാവിയിൽ പിതൃവേദി സംഘടനയിൽനിന്ന് സഹായം ആവശ്യപ്പെടുന്ന എല്ലാവരും തന്നെ ഒരു ലെറ്റർ അഥവാ അപേക്ഷ എഴുതി ബഹുമാനപ്പെട്ട വികാരിയച്ചനെയോ ഭാരവാഹികളെയോ ഏൽപ്പിക്കണമെന്നും അപ്രകാരം പിതൃവേദി എന്തെങ്കിലും സഹായം ചെയ്യുകയാണെങ്കിൽ സഹായം സ്വീകരിക്കുന്നവരുടെ കൈയിൽനിന്നും കയ്യൊപ്പിട്ട് വാങ്ങുന്ന രീതിയിലുള്ള റിപ്ലൈ ലെറ്റർ അഥവാ റിപ്ലൈ റസീറ്റ് പിതൃവേദി സംഘടന തയ്യാറാക്കണമെന്നും അച്ചൻ നിർദ്ദേശിച്ചു.

(d) **ടൂർ പ്രോഗ്രാം**

പിതൃവേദിയുടെ ഈ വർഷത്തെ ടൂർ പ്രോഗ്രാമിന്റെ കൺവീനേഴ്സ് ആയി ശ്രീ വി.എം. ആന്റണി ശ്രീ കെ.സി. ആന്റണി എന്നിവരെ മീറ്റിങ്ങിൽ തെരഞ്ഞെടുത്തു.

**പൈതൃകം – 2024**

ഓഗസ്റ്റ് മാസം 15–ാം തീയതി വ്യാഴാഴ്ച രാവിലെ 9 മണിമുതൽ വൈകുന്നേരം 4 മണി വരെ ഇടവക പിതൃവേദിയുടെ നേതൃത്വത്തിലുള്ള പൈതൃകം 2024 അഥവാ 65 വയസ്സിന് മുകളിൽ പ്രായമുള്ളവരുടെ സംഗമം ഇടവകയിൽ നടത്തപ്പെടുകയുണ്ടായി. ഇടവകയുടെ മുൻ

